**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 3513**

## കടലിലെ ആവാസവ്യവസ്ഥ സംരക്ഷിയ്ക്കാൻ നടപടി

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. എൽദോ എബ്രഹാം** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് ഇതരസംസ്ഥാനങ്ങളിലെ തീറ്റ-വളം നിർമ്മാണ ഫാക്ടറികളിലേക്ക് അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബൈക്യാച്ച് എന്ന പേരിൽ, കടലിന്റെ അടിത്തട്ടിലുള്ള നക്ഷത്രമത്സ്യങ്ങൾ, ശംഖുകൾ, കടൽച്ചെള്ളുകൾ തുടങ്ങിയവയെ പിടിച്ച് വില്ക്കുന്നതുമൂലം കടലിന്റെ ആവാസവ്യവസ്ഥ തകിടം മറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | (സി) | കെ.എം.എഫ്.ആർ ആക്ട് പ്രകാരം ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കി ചെറു മത്സ്യങ്ങളെയും ബൈക്യാച്ച് എന്ന നിലയിൽ മറ്റ് വിവിധ തരം കടൽ ജീവികളെയും പിടിച്ച് വിൽപ്പന നടത്തുന്നത് തടയുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നു. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിങ്ങനെ നിലവിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടു കൂടി ഇത്തരം അശാസ്ത്രീയമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ കൂടി ഇത്തരം നടപടികൾ ഊർജ്ജിതമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ 4 തീരദേശ ജില്ലകളിൽ കൂടി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇതിനകം 14 മത്സ്യഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് (എം.എൽ.എസ് - മിനിമം ലീഗൽ സൈസ്) സർക്കാർ ഉത്തരവാകുകയും അത് നടപ്പാക്കുകയും ചെയ്തു വരുന്നു. ഇത്തരം 44 ഇനങ്ങളുടെ നിശ്ചിത വലുപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ കൂടി പിടിക്കുന്നത് നിരോധിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വലകളുടെ കണ്ണി |

| | | | |
|---|---|---|---|
| | | | വലിപ്പമുൾപ്പെടെ നിയന്ത്രിക്കുന്നതിനു നിലവിലെ കെ.എം.എഫ്.ആർ ആക്റ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇത് തടയുന്നതിന് കേരളത്തിലെ എല്ലാ ഹാർബറുകളിലും ഏകീകൃത നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവയെ ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണ് എല്ലാ ഹാർബറുകളിലും നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ